9.	High Court	..	10,500
10.	Board of Revenue	..	1,80,800
11.	Registration Department	..	5,600
12.	Panchayat Department	..	6,700
13.	Agriculture Department	..	14,700
14.	Public Health Department	..	4,800
	Total	..	4,90,700

(ബി) ശമ്പളപരിഷ്കാരം നടപ്പിൽ വരുത്താൻ ഇപ്പോൾ ഗവണ്മെണ്ടുദ്ദേശിക്കുന്നില്ല. പക്ഷെ ശമ്പളസമീകരണം വരുത്തണമെന്നുദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇത്രയും ലാഭമുണ്ടാക്കിയതുകൊണ്ട് എത്ര ആളുകൾക്ക് തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അത്രയധികം ആളുകളെ പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പേയ് കമ്മീഷൻ റിപ്പോർട്ട് ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അങ്ങിനെ ഒരു കമ്മീഷനെ നിയമിച്ചിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: ആദ്യം അങ്ങിനെ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. പിന്നീട് റി-ആർഗനൈസേഷൻ ജോലികൂടി ആ കമ്മീഷന്റെ പരിധിയിലാക്കുകയും റി-ആർഗനൈസേഷനെ സംബന്ധിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയുമുണ്ടായി. അതനുസരിച്ചു റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇൻഡ്യാഗവണ്മെണ്ടിൽനിന്നും ഒരു പേയ്കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നാണ് മെമ്പർ ഉദ്ദേശിക്കുന്നതെങ്കിൽ അതിനു 'അറിവില്ല' എന്നാണ് ഉത്തരം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഈ സംസ്ഥാനത്തിലേക്ക് ഒരു പേയ്കമ്മീഷനെ നിയമിച്ചിട്ടുണ്ടായിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: അതുതന്നെയാണ് ഞാൻ പറഞ്ഞതു്. ആദ്യം ഒരു പേയ്കമ്മീഷനെ നിയമിച്ചു. അതിനുശേഷം അതിനെ റി-ആർഗനൈസേഷൻ കമ്മിറ്റിയാക്കി.

ശ്രീ. കെ. രാമചന്ദ്രൻ: സർവ്വീസിൽനിന്നു് ആരേയും പിരിച്ചുവിടാതെ എങ്ങിനെയാണ് ഇത്രയും ലാഭമുണ്ടാക്കിയതു്?

റവന്യൂ

*൯൨൪. (ഫ്രം) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുത്തകപ്പാട്ടം ഇനത്തിൽ ഫൻർ൯-ലെ ആകെ വരവു് എന്തായിരുന്നുവെന്നും, ഫൻ൫൦-ൽ എന്തു വരവു പ്രതീക്ഷിക്കുന്നുവെന്നും പറയുമോ;

(ബി) തിരുവിതാംകൂറിലെ ഭൂനികുതിയുടെ എത്ര അംശം ഭൂനികുതി കൊച്ചിയിൽനിന്നും ലഭിക്കുന്നുവെന്നും അതു് എന്തെന്നും പറയാമോ?

†Answer to this question was laid on the table, the questioner having exhausted his quota. ..

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഫൺര്ഴ്സ്-ൽ കുത്തകപ്പാട്ടം ഇനത്തിൽ

ആകെ വരവ് ൩,൭൦,൩൭൭ രൂപാ.

ഫൺര്ഠ൦-ൽ പ്രതീക്ഷിക്കുന്ന വരവ് ൴,൭൫,൭൭൫ ,,

(ബി) ൴൫൩ ശതമാനം.

കുടിക്കാൻ ശുദ്ധജലം

*൯൫൪. (ഫ൴) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ കഴിച്ചുള്ള തീരപ്രദേശങ്ങളിലും, കുട്ടനാടൻ പ്രദേശങ്ങളിലും ശുദ്ധജലം കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന കാണിച്ച് ഗവണ്മെണ്ടിലേക്ക് നിവേദനം കിട്ടിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഉണ്ട്. ഇപ്പോഴുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് കഴൽകിണറുകൾ കഴിക്കുന്നുണ്ട്. കൂടുതൽ ഉപകരണങ്ങൾ വരുത്തുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അവ വന്നുചേരുന്നതോടുകൂടി കൂടുതൽ കിണറുകൾ കഴിപ്പിക്കാൻ സാധിക്കും.

ശ്രീമതി ദേവകി ഗോപിദാസ്: പുന്നപ്ര വാട്ടർ വർക്സിനു സമീപത്തുള്ള ആളുകൾക്കുപോലും ശുദ്ധജലം കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അവിടെ മാത്രമല്ല, മറ്റു പലസ്ഥലങ്ങളിലും ശുദ്ധജലം കിട്ടാതെയുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: പുന്നപ്ര വാട്ടർ വർക്സിന്റെ ഏറ്റവും അടുത്ത സ്ഥലങ്ങളിൽ, അതായത് അവിടെനിന്നും ഒരു പൈപ്പുമാത്രം കണക്ടുചെയ്താൽ വെള്ളം കൊടുക്കാൻ സാധിക്കുന്ന പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടാതെ ആളുകൾ വിഷമിക്കുന്നുണ്ട്. അവർക്ക് അതു ചെയ്തുകൊടുക്കുന്നതിനു ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. കെ. പാപ്പുപിള്ള: കഴൽകിണറുകൾ കഴിക്കുന്നതിനുള്ള എത്ര മെഷ്യനറികൾ ഇപ്പോൾ ഗവണ്മെണ്ടിന്റെ കൈവശമുണ്ട്.

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ ഒരെണ്ണമേയുള്ളൂ. വേറെ ഒന്നുകൂടി വരുത്തുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ട്. ഇസ്രയേലിൽനിന്നും വന്നിട്ടുള്ള ഡബ്ളിയു. എച്ച്. ഓ.യിലെ മി. കാട്ടർ എന്ന ഒരു വിദഗ്ദ്ധനെക്കൊണ്ട് കുട്ടനാടൻ പ്രദേശങ്ങൾ പരിശോധിപ്പിച്ചതിന്റെ ഫലമായി കുറഞ്ഞ ചിലവിൽ കഴൽകിണറുകൾ കഴിക്കാനുള്ള സാദ്ധ്യതകളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മെഷ്യനറിക്ക് ൫൦,൦൦൦ രൂപാ വിലയുണ്ട്. എന്നാൽ ൨൦,൦൦൦ രൂപാ മാത്രം വിലയുള്ള മറ്റൊരുതരം മെഷ്യനറികൊണ്ട് ആ പ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ കിണറുകൾ കഴിപ്പിക്കാൻ സാധിക്കുമെന്നാണ് ആ വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. അതനുസരിച്ച് മെഷ്യനറി വരുത്തുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണൻ: കുട്ടനാടൻ പ്രദേശങ്ങളിൽ എത്ര കിണറുകൾ കഴിപ്പിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഒരു കിണറേ കഴിപ്പിച്ചുള്ളൂ. അതു ൪൫ അടി താഴ്ത്തിയിട്ടും വെള്ളം കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly